# കേരള സർവകലാശാല

നം. പി.ആർ.101/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാല പരീക്ഷാപരിഷ്കരണ ശില്പശാല സമാപിച്ചു

കേരള സർവകലാശാല പരീക്ഷാ പരിഷ്കരണ നടപടികളുടെ ഭാഗമായി നടത്തിയ ദ്വിദിന ശില്പശാല സമാപിച്ചു. സിലബസ് പരിഷ്കരണവും പരീക്ഷാപരിഷ്കരണവും പരസ്പര പൂരിതമാണെന്നും അതിന്റെ പൂർണ്ണതയ്ക്ക് സമഗ്രമായ കമ്പ്യൂട്ടർവത്കരണം അനിവാര്യമാണെന്നും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് അഭിപ്രായപ്പെട്ടു.

സമഗ്ര കമ്പ്യൂട്ടർവത്കരണത്തിൽ പൂനെ സർവകലാശാല പരീക്ഷാ കോ-ഓർഡിനേറ്റർ ഡോ. രാജേന്ദ്ര തൽവാർ സംവദിച്ചു. സാങ്കേതികവിദ്യയുടെ സഹായത്തോടെ പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി പൂർത്തിക്കരിക്കുന്നതിന് ഉതകുന്ന നടപടികളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

ഉസ്മാനിയ സർവകലാശാലയുടെ പരീക്ഷാനടത്തിപ്പിനെക്കുറിച്ചും സമീപകാലങ്ങളിൽ നടത്തിയ പരിഷ്കരണങ്ങളെക്കുറിച്ചും ഉസ്മാനിയ സർവകലാശാലയിലെ മുൻ കൺട്രോളർ ഓഫ് എക്സാമിനേഷൻ ഡോ. അപ്പാറാവു വിശദീകരിച്ചു.

സമഗ്ര കമ്പ്യൂട്ടർവത്കരണത്തെക്കുറിച്ചും അതിലൂടെ ആർജിക്കാനാകുന്ന സാങ്കേതികമികവിനെക്കുറിച്ചും സി.ഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. പി.വി ഉണ്ണികൃഷ്ണനും കേരള സാങ്കേതിക സർവകലാശാല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ശ്രീജിത്ത്.ബി.ജെ യും വിശദമായി സംസാരിച്ചു.

സമാപനസമ്മേളനം കേരള സർവകലാശാല വൈസ് ചാൻസലർ ഇൻ-ചാർജ് ഡോ. സി.ഗണേഷ് ഉദ്ഘാടനം ചെയ്തു. ശില്പശാലയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നിർവഹിച്ചു. ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള പൂർണ്ണപിന്തുണ സിൻഡിക്കേറ്റ് അംഗവും പരീക്ഷാസ്റ്റാൻഡിംഗ് കമ്മിറ്റി കണവീനറുമായ ശ്രീ. എം.ശ്രീകുമാർ വാഗ്ദാനം ചെയ്തു. ഐ.ക്യൂ.എ.സി ഡയറക്ടർ ഡോ. സൈമൺ തട്ടിൽ കൃതഞ്ജത രേഖപ്പെടുത്തി.

## പുതുക്കിയ പരീക്ഷാതീയതി

ഏപ്രിൽ 16-ന് നടത്താനിരുന്ന അവസാന വർഷ ബി.എ സോഷ്യോളജി മെയിൻ (ആന്വൽ സ്കീം) പേപ്പർ - IV ഇന്ത്യൻ സൊസൈറ്റി - പ്രോബ്ലംസ് & ചലഞ്ചസ് എന്ന പരീക്ഷ മേയ് 17-ന് നടക്കും. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## ബി.സി.എ പ്രായോഗിക പരീക്ഷ

ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ മേയ് 15-ന് തുടങ്ങും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി വൈവ വോസി

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ വൈവ വോസി മേയ് 11, 14, 23 തീയതികളിൽ നടത്തും. സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല. പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
03.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098